# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5059**

23.03.2018-ലെ മറുപടി

## കടമക്കുടി ഗ്രാമപഞ്ചായത്തിലെ ജലവിതരണ പൈപ്പുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.ശർമ്മ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കടമക്കുടി ഗ്രാമപഞ്ചായത്തിലെ ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പാക്കുന്നതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ പദ്ധതിക്ക് 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മൂന്നു സോണുകളായി തിരിച്ച് പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ കരാർ കാലാവധി വിശദമാക്കാമോ; | (ബി) പ്രസ്തുത പ്രവർത്തിയുടെ കാലാവധി 16.09.2017 മുതൽ 8 മാസമായിട്ടായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ മറ്റു ഏജൻസികളിൽ നിന്നുള്ള അനുമതി കിട്ടാത്തത് കാരണം 30.06.2018 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) പ്രസ്തുത പ്രവർത്തിക്കു പി.ഡബ്ല്യു.ഡി റോഡുകളിലൂടെ പൈപ്പലൈൻ സ്ഥാപിക്കുന്നതിനും, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള പുഴകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും അനുമതി കിട്ടാൻ കാലതാമസം ഉണ്ടായി. ആയതിനുവേണ്ട അനുമതിക്കായുള്ള തുകകൾ ഇപ്പോൾ കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എ.ഐ (National Highway Authority of India) -യുടെ പരിധിയിലുള്ള റോഡുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും, ഐ.ഡബ്ല്യ.എ.ഐ (Inland Waterways Authority of India)-യുടെയും അധീനതയിലുള്ള പുഴകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ട അനുമതി പ്രസ്തുത വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. |
| (ഡി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) 30/06/2018-ന് ഈ പ്രവർത്തി പൂർത്തീകരി ക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ